**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5136** **04-07-2024 - ൽ മറുപടിയ്ക്ക്**

**ലയങ്ങളിലെ നിയമലംഘനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ തൊഴിൽ വകുപ്പ് സംസ്ഥാനത്തെ തോട്ടം തൊഴിലാളി ലയങ്ങളിൽ നടത്തിയ പരിശോധനയിൽ എന്തൊക്കെ നിയമലംഘനങ്ങൾ കണ്ടെത്തിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | പ്ലാന്റേഷൻ ലേബർ നിയമപ്രകാരം നടത്തിയ പരിശോധനയിൽ താഴെ ചേർക്കുന്ന ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>1. Section 15 Rule 60 (3) : ലയങ്ങൾക്കും, അവയുടെ വാതിലുകൾ, ജനലുകൾ എന്നിവ ഉൾപ്പെടെയുള്ളവ വൈറ്റ് വാഷ്, പെയിന്റിംഗ്സ്, വാർണിഷ് എന്നിവ ചെയ്യാതിരിക്കുക, ഇവ നടത്തിയ തീയതി ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുക<br>2. Section 15 Rule 60 (1) : ലയങ്ങളിൽ കാലാകാലങ്ങളിൽ ആവശ്യമായി വരുന്ന അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ വീഴ്ച വരുത്തുക<br>3. Section 9 Rule 12 : ലയങ്ങളിൽ താമസിക്കുന്ന തൊഴിലാളികൾക്ക് ശൗചാലയം, ബാത്ത്റൂം സൗകര്യം ഏർപ്പെടുത്താതിരിക്കുക<br>4. Section 9 Rule 17 : ഡ്രെയിനേജുകൾ കൃത്യമായി പരിപാലനം നടത്താതിരിക്കുക<br>5. Section 8 Rule 8 : കുടിവെള്ള സ്രോതസ്സുകളുടെ അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കുന്നതിൽ പരാജയപ്പെടുക<br>6. Section 8 Rule 11 : തൊഴിലാളികൾക്ക് വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഹെൽത്ത് ഓഫീസറിൽ നിന്ന് ഹാജരാക്കുന്നതിൽ വീഴ്ച വരുത്തുക<br>7. Section 8 Rule 10 (1) : തുറന്ന കിണർ രാസവസ്തുക്കൾ മൂലമോ, മറ്റ് കാരണങ്ങൾ മൂലമോ സംരക്ഷിക്കുന്നതിലും, പരിപാലിക്കുന്നതിലും വീഴ്ച വരുത്തുക |

| | | | |
|---|---|---|---|
| | | | 8. Section 16 Rule 60 (1) (2) : ലയങ്ങളിലെ ചോർച്ചയും, തകർന്ന തറയും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ വീഴ്ച വരുത്തുക<br>9. Section 15 Rule 57(5) : ലയങ്ങളിലെ പരിസര മാലിന്യങ്ങളും, അഴുക്കു ചാലുകളും, ശുചിമുറി മാലിന്യങ്ങളും കൃത്യമായി ദിവസേന നീക്കം ചെയ്യാതിരിക്കുക<br>10. Section 8 Rule 10 (2) : കിണറുകളിലെ വെള്ളം കൃത്യമായ ഇടവേളകളിൽ അണു വിമുക്തമാക്കാതെയും, ആയത് രേഖപ്പെടുത്തുന്ന-തിൽ വീഴ്ച വരുത്തുക<br>11. Section 15 Rule 57 (3) : ലയങ്ങളിലേയ്ക്കുള്ള റോഡുകളും, പാതകളും കൃത്യമായി പരിപാലിക്കാതിരിക്കുക |
| (ബി) | എത്ര തോട്ടങ്ങളിലാണ് നാളിതുവരെ പരിശോധന പൂർത്തിയാക്കിയതെന്നും ഇനി എത്ര തോട്ടങ്ങളിൽ പരിശോധന നടത്തുവാൻ ഉണ്ടെന്നുമുള്ള വിശദാംശം നൽകുമോ; | (ബി) | 510 തോട്ടങ്ങളിലാണ് നാളിതുവരെയായി പരിശോധന നടത്തിയിട്ടുള്ളത്. 2 എസ്റ്റേറ്റുകളിൽ പരിശോധന നടത്തുവാനുണ്ട്. |
| (സി) | നിയമലംഘനങ്ങൾ കണ്ടെത്തിയ തോട്ടങ്ങളിൽ പരിഹാരത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (സി) | എസ്റ്റേറ്റുകളിൽ പരിശോധന നടത്തി അപാകതകൾ പരിഹരിക്കുവാൻ ഉടമകൾക്ക് നിർദ്ദേശം നൽകാറുണ്ട്. തുടർ പരിശോധനകളിൽ ന്യൂനതകൾ പരിഹരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ന്യൂനതകൾ പരിഹരിക്കാത്ത പക്ഷം നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ